## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1979** | **04.11.2019** - ൽ മറുപടിക്ക് |

## റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമീണ റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.ബി. സതീഷ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ (റീബിൽഡ് കേരള) ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ)<br>&<br>(ബി) | പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കി ആർ.കെ.ഐ-ക്ക് സമർപ്പിച്ച റോഡുകളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായുള്ള 1800 കിലോമീറ്ററോളം ഗ്രാമീണ റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, വയനാട്, തൃശ്ശൂർ, പാലക്കാട് എന്നീ എട്ട് ജില്ലകളിലെ 605 കിലോമീറ്ററോളം ദൈർഘ്യം വരുന്ന റോഡുകൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള റോഡുകളുടെ പരിശോധന പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലെയും റോഡുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**